വായിക്കാൻ...
ചിന്തിക്കാൻ...
പ്രാർത്ഥിക്കാൻ...

ക്രിസ്തീയ

# സോദരി

ദ്വൈമാസിക മെയ് - ജൂൺ 2019



സ്പെഷ്യൽ റിപ്പോർട്ട്

## മറക്കാനാവാതെ ചാമുർച്ചി

പുതുവർഷം പുത്തൻ പ്ലാനിങ്ങോടെ

hbteel fnÂ

# മറക്കാനാവാതെ ചാമുർച്ചി

ഡോ. പ്രിയ പീറ്റർ

ഇന്ത്യാ - ഭൂട്ടാൻ അതിർത്തിയിൽ പ്രകൃതിസൗന്ദര്യത്തിനു ഏറെ പേരു കേട്ട ഒരു ഗ്രാമമാണ് ചാമുർച്ചി. സഞ്ചാരികളുടെ മനം കുളിർപ്പിക്കുന്ന പ്രകൃതിസൗന്ദര്യം. നല്ല തണുപ്പുള്ള സ്ഥലം. അതിവിശാലമായി പരന്നുകിടക്കുന്ന ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ വടക്ക് കിഴക്കേ അറ്റത്ത് ഏകദേശം ഒരു ഒട്ടകത്തിന്റെ ആകൃതിയിലായി തോന്നും വിധം വെസ്റ്റ് ബംഗാൾ സംസ്ഥാനം തലയുയർത്തി നില്ക്കുന്നു. ഉയർത്തിപ്പിടിച്ച കഴുത്തിന് മുൻപിലായി ബംഗ്ലാദേശ്, പിന്നിൽ ബീഹാർ, തലയ്ക്ക് പിന്നിൽ നേപ്പാൾ, ഉച്ചിയിൽ സിക്കിം, മുഖത്ത് ഭൂട്ടാൻ, ചുണ്ടിൽ മേഘാലയ, എങ്കിൽ കണ്ണിലാണ് ചാമുർച്ചി!

ഭൂമിശാസ്ത്രപരമായി അതിമനോഹരമെങ്കിലും അവിടുത്തെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചമായിരുന്നില്ല. യുക്തിപരമായോ ധാർമ്മികമായോ ചിന്തിക്കുവാനും പ്രവൃത്തിക്കുവാനും കഴിവില്ലാത്ത ഒരു സമൂഹമാണ് ചാമുർച്ചിയിലുള്ളത്. ശുചിത്വം തീരെയില്ലാത്ത ഇവർക്ക് അടിസ്ഥാനസൗകര്യങ്ങൾ മാത്രമല്ല അത്യാവശ്യമായി ലഭിക്കേണ്ട മെഡിക്കൽ സഹായം പോലും ലഭ്യമായിട്ടില്ല.

കൃഷിക്ക് നൂറു ശതമാനവും കെമിക്കൽ ഉപയോഗിക്കാത്ത രാജ്യമായ ഭൂട്ടാന്റെ അതിർത്തി പ്രദേശ

28 »






കവർ ചിത്രം: പെർസിസ്

# ക്രിസ്തീയ സോദരി

ദ്വൈമാസിക

**മെയ് – ജൂൺ**

**2019**

*എഡിറ്റർ:*
ലൗലി ജോർജ്

*അസ്സോസിയേറ്റ് എഡിറ്റേഴ്സ്:*
സുനി ജോബി
ബ്ലെസ്സി സ്റ്റാൻലിൻ
ദ്രൗപതി ഗംഗാധരൻ
ഹന്ന ഷിബു ജോസ്

*ഉപദേശക സമിതി:*
ശാന്ത ജോൺസൺ
ജെസ്സി ബെൻസൺ

*സാങ്കേതിക സഹായം:*
കിന്നെരെത്ത് മീഡിയ

**Contact:**
+91 94469 63386
kristheeyasodari@gmail.com

## ഉള്ളടക്കം


02 മറക്കാനാവാതെ ചാമുർച്ചി


07 പുതുവർഷം പുത്തൻ പ്ലാനിങ്ങോടെ


13 ഗ്ലാഡിസ് ഐയ്ൽവാർഡ്

04 ഇനിയും മരിക്കാത്ത വായന
06 കുരുന്നുകളെ വീഡിയോകാണിക്കല്ലേ
16 ശ്രേഷ്ഠമായ മാതൃദൗത്യം
18 ഭയപ്പെടരുത്
20 ദൈവം വെറുക്കുന്ന രണ്ട് പാപങ്ങൾ
22 പൊള്ളുന്ന നരകം
25 പ്രാർത്ഥനയേക്കാൾ ശക്തിയേറിയത്
27 ചിരിക്കാം ചിന്തിക്കാം
26 Our plans are not His

ക്രിസ്തീയ സോദരിയുടെ ലക്കങ്ങൾ (പി.ഡി.എഫ്) ഡൗൺലോഡ് ചെയ്യുന്നതിനും ലേഖനങ്ങൾ ഓൺലൈനിൽ വായിക്കുന്നതിനും ഷെയർ ചെയ്യുന്നതിനുമായി സന്ദർശിക്കുക.




**www.sodari.in**



# ഇനിയും മരിക്കാത്ത വായന

പ്രപഞ്ചസൃഷ്ടികളിൽ ഏറ്റവും മഹത്തായ സൃഷ്ടിയാണ് മനുഷ്യന്റേത്. വിവേകത്തോടെ ജീവിക്കാനും ബുദ്ധിപരമായി ചിന്തിക്കുവാനും ആശയങ്ങൾ കൈമാറ്റം ചെയ്യുവാനും ഉള്ള കഴിവ് മനുഷ്യർക്കു മാത്രം ലഭിച്ചിട്ടുള്ളതാണ്. പുരാതന മനുഷ്യർ മുതൽ ആധുനിക മനുഷ്യർ വരെ ആശവിനിമയം നടത്തുന്നതിൽ പല രീതികൾ അവലംബിച്ചിട്ടുണ്ട്.

മനുഷ്യന് ലഭിച്ച ചിന്താശേഷിയുടെ അടിസ്ഥാനത്തിലാണ് വസ്തുതകളെ വിലയിരുത്തുവാനും പുരോഗതികൾ സ്വായത്തമാക്കുവാനും അവന് കഴിഞ്ഞത്. എഴുത്തും അച്ചടിയും ലിപിയും ഇല്ലാതിരുന്ന കാലത്ത് വാമൊഴിയിലൂടെയാണ് മനുഷ്യൻ ആശയങ്ങൾ കൈമാറിയിരുന്നത്. കല്ലിലും മണ്ണിലും എഴുതാനും വായിക്കാനും തുടങ്ങിയ മനുഷ്യൻ താളിയോലകളിലും പിന്നീട് പേപ്പറുകളിലും ഇപ്പോൾ ഉള്ളം കൈയ്യിലൊതുങ്ങുന്ന മൊബൈൽ ഫോണുകളിലും ടാബുകളിലും നിന്നും അറിവുകൾ ശേഖരിക്കുകയാണ്. അറിവുകൾ നേടുന്നതിന് വായന കൂടിയേ തീരൂ.

അക്ഷരങ്ങൾക്കു ലോകത്തെ മാറ്റി മറിക്കാനുള്ള ശക്തിയുണ്ട്. **Uncle Toms Cabin** എന്ന പുസ്തകമാണ് അമേരിക്കയിലെ അടിമകളുടെ മോചനത്തിന് സഹായകമായത്. ചെറിയ പ്രായം മുതലേ വളർത്തിയെടുക്കേണ്ട സംസ്ക്കാരമാണ് വായന. വളരെ ക്രിയാത്മകമായ ചിന്താരീതികൾ ഉടലെടുക്കുന്നതിന് വായന സഹായകമാകും. കുട്ടികൾ വിജ്ഞാനപ്രദവും സന്മാർഗ്ഗികവും ആത്മീകവുമായ രചനകൾ വായിക്കണം. ദിനപത്രം വായിക്കുന്നത് ശീലമാക്കണം.

വായന മരിക്കുന്നു എന്നാണ് പൊതുവേയുള്ള പരാതി. എന്നാൽ അത് യഥാർത്ഥ്യമല്ല. വായനക്കു പ്രായമില്ല, വായന മരിക്കുന്നുമില്ല. പുസ്തകങ്ങളിൽ നിന്നും നേരിട്ട് വായിച്ച് അറിവു നേടുന്നതിൽ നിന്നും വ്യത്യസ്തമായി പുസ്ത കത്തെ ഇലക്ട്രോണിക് കോപ്പിയാക്കി കമ്പ്യൂട്ടർ, മൊബൈൽ പോലുള്ള ഉപകരണങ്ങളിൽ അവ തരിപ്പിക്കപ്പെട്ടപ്പോൾ അത് കുറച്ചുകൂടെ സൗകര്യപ്രദമായ ഒരു രീതിയായി മാറി എന്ന് മാത്രം. സോഷ്യൽ മീഡിയ പോലുള്ള ഇന്റർനെറ്റ് മാധ്യമ സംവിധാനങ്ങൾക്ക് അനുസരിച്ച് നമ്മുടെ വായനാശീലങ്ങളും രീതികളും മാറിക്കൊണ്ടിരിക്കുന്നു എന്നതാണ് വസ്തുത.

1996 മുതൽ കേരളസർക്കാർ ജൂൺ 19 വായനാദിനമായി ആചരിക്കുന്നു. ഈ അവസരത്തിൽ വിശ്വാസികളായ നമ്മുടെ വായനാസംസ്ക്കാരത്തെ വിലയിരുത്തുന്നത് ഏറെ നല്ലതാണ്. വായനയും ക്രിസ്തീയവളർച്ചയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ക്രൈസ്തവസഭയുടെ വളർച്ചയ്ക്ക് പ്രധാനപങ്കു വഹിച്ച അപ്പോസ്തലനായ പൗലോസിന്റെ വാക്കുകൾ ശ്രദ്ധേയമാണ്. വിശ്വാസത്തിൽ താൻ വളർത്തിയെടുത്ത തിമൊഥെയോസിനോട് പൗലോസ് പറയുന്നത് ഇപ്രകാരമാണ്, *"ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക"* (1 തിമോ: 4:13).

സഹോദരിമാരായ നമ്മുടെ ആത്മീകവളർച്ചയ്ക്കു ദൈവവചനപാരായണം അത്യാവശ്യമാണ്. ജീവിതത്തിന്റെ അധികസമയവും മറ്റെന്തെല്ലാം ആവശ്യങ്ങൾക്കായി നാം മാറ്റി



ക്രിയാത്മകമായ ചിന്താ രീതികൾ ഉടലെടുക്കുന്നതിന് വായന സഹായകമാകും

വെക്കുന്നു. ദൈവവചന വായനയുടെയും പഠനത്തിന്റെയും അഭാവം പല ആത്മീക അധഃപതനത്തിനും കാരണമായിരിക്കുന്നു. കുടുംബത്തിന്റെ വിളക്കായ സഹോദരിമാരായ നാം വചനവായനയ്ക്കായി സമയം കണ്ടെത്തണം. വായനയാൽ നമ്മുടെ ചിന്തകൾ വിശുദ്ധീകരിക്കണം. അങ്ങനെയെങ്കിൽ ദൈവഹിത പ്രകാരമുള്ള ഒരു തലമുറയെ വാർത്തെടുക്കാനാകും.



# കുരുന്നുകളെ വീഡിയോ കാണിക്കല്ലേ!

കരച്ചിൽ മാറ്റാനും ഭക്ഷണം കഴിപ്പിക്കാനും അല്പസമയം സ്വസ്ഥമായി ഒരിടത്തിരിക്കാനും കുട്ടികൾക്ക് മൊബൈൽ ഫോണിൽ വീഡിയോ കാണിക്കുന്ന രക്ഷിതാക്കൾ ജാഗ്രതൈ. ഈ വീഡിയോ ദൃശ്യങ്ങൾ കുഞ്ഞുങ്ങൾക്കു സാരമായ ആരോഗ്യപ്രശ്നങ്ങൾക്ക് വഴിയൊരുക്കാമെന്നാണ് ലോകാരോഗ്യസംഘടനയുടെ വിലയിരുത്തൽ.

അഞ്ചുവയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങൾക്കു മുന്നിൽ ടി.വിയും കംപ്യൂട്ടറും മൊബൈലും ഉൾപ്പെടെയുള്ള ഡിജിറ്റൽ സ്ക്രീനിൽ ചിത്രീകരണങ്ങൾ പ്രദർശിപ്പിക്കുന്നതിന് ലോകാരോഗ്യസംഘടന (ഡബ്ല്യു. എച്ച്. ഓ) മാർഗനിർദേശം കൊണ്ടുവന്നു.

ഒരു വയസ്സിൽ താഴെയുള്ള കുട്ടികളെ ഇത്തരം ഇലക്ട്രോണിക് സ്ക്രീനുകൾ കാണിക്കാനേ പാടില്ലെന്നും അതിനു മുകളിൽ അഞ്ചുവയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്കു ദിവസേന ഒരു മണിക്കൂർ വരെ മാത്രമേ വീഡിയോ പ്രദർശിപ്പിക്കാവൂ എന്നതുമാണ് നിർദേശം. കുട്ടികൾ കളിച്ചും ഉറങ്ങിയും അവരുടെ കായികക്ഷമതയും ബുദ്ധിശക്തിയും നിലനിർത്തട്ടേയെന്നും ഭാവിയിൽ ആരോഗ്യപ്രശ്നങ്ങൾ ഇല്ലാതിരിക്കാൻ ഇത് സഹായകമാകുമെന്നും സംഘടന നിർദ്ദേശിച്ചു.

ഒന്നു മുതൽ നാലുവയസ്സുവരെയുള്ള കുട്ടികൾ ദിവസത്തിൽ മൂന്നു മണിക്കൂറെങ്കിലും കായിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കണമെന്നും മാർഗനിർദേശത്തിൽ പറയുന്നു. ഒരു വയസ്സിൽ താഴെയുള്ളവർ തറയിൽ ഇരുന്നുകളിക്കട്ടെ. അവരുടെ സാന്നിദ്ധ്യത്തിൽ നിന്ന് എല്ലാതരം ഇലക്ട്രോണിക് സ്ക്രീനുകളും ഒഴിവാക്കപ്പെടണം. ഓസ്ട്രേലിയ, കാനഡ, ദക്ഷിണാഫ്രിക്ക, അമേരിക്കൻ ഐക്യനാടുകൾ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള പഠനങ്ങളിൽ നിന്ന് ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിലാണ് ഡബ്ല്യു.എച്ച്.ഓ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത്.

*(കടപ്പാട്: മാതൃഭൂമി.കോം)*



# പുതുവർഷം പുത്തൻ പ്ലാനിങ്ങോടെ



ഡോ. ഗ്രെയ്സ് ജോൺസൺ

ആർത്തുല്ലസിച്ചുകഴിഞ്ഞ അവധി ദിവസങ്ങളോട് വിട. പുതിയ അദ്ധ്യായനവർഷം ആരംഭിക്കുന്നതോടെ ഗൗരവമുള്ള പഠനം തുടങ്ങാൻ സമയമായി. വീണ്ടും പഠനവും പരീക്ഷയും. കുട്ടികളെ മിടുക്കരാക്കാനുള്ള പെടാപാടുകൾക്കിടയിൽ ശ്രദ്ധിക്കേണ്ട ധരാളം കാര്യങ്ങളുണ്ട്.

പഠനം ഒരു കലയാണ്. എന്നാൽ ഈ കലയെ വിജയകരമാക്കാൻ ബുദ്ധിശക്തി മാത്രം പോരാ, ഇതിൽ വിജയം നേടാൻ ചില നിയമങ്ങളും

തന്ത്രങ്ങളുമുണ്ട്. അവയെല്ലാം വ്യക്തമായ പ്ലാനിങ്ങിന്റെ അടിസ്ഥാനത്തിൽ പ്രയോഗിക്കുമ്പോൾ മാത്രമേ വിജയം നേടാൻ കഴിയൂ. എല്ലാ കുട്ടികൾക്കും പഠനകാര്യങ്ങളിൽ അവരവരുടേതായ രീതികളും അഭിരുചികളുമുണ്ട്. മക്കളുടെ പഠനകാര്യത്തിൽ അമ്മതന്നെ സഹായിക്കണം. ഇത് അമ്മയ്ക്ക് കുട്ടികളുടെ പഠന സ്വഭാവത്തെ ശരിയായി രൂപീകരിക്കാനും ഭാവിയിൽ പഠനത്തിൽ അവരെ സ്വയം പര്യാപ്തരാക്കാനും സാധിക്കും. ചിട്ടയായി പഠിക്കുന്ന സമ്പ്രദായമാണ് പലരെയും വിജയ സോപാനത്തിൽ എത്തിച്ചത്. മറ്റ് കാര്യങ്ങളിലെന്നപോലെ പഠനകാര്യത്തിലും ഒരു ചിട്ട അത്യാവശ്യമാണ്. ഈ അദ്ധ്യായന വർഷാരംഭത്തിൽ തന്നെ നമുക്ക് പഠനം തുടങ്ങാം. കുട്ടികളുടെ പഠനത്തിൽ അമ്മമാർ അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ എന്തെല്ലാമെന്നു നമുക്കൊന്നു വിശകലനം ചെയ്യാം.

## ടൈംടേബിൾ

ദൈനംദിന ടൈംടേബിൾ തയ്യാറാക്കാൻ സഹായിക്കാം. ഉറങ്ങാനും ഉണരാനും പ്രഭാത കർമങ്ങൾ നിർവ്വഹിക്കാനും പ്രാർത്ഥിക്കാനും കുളിക്കാനും പഠിക്കാനും സ്കൂളിൽ പോകാനും എല്ലാം പ്രത്യേക ടൈം ടേബിൾ വേണം. എല്ലാ ദിവസങ്ങൾക്കും ഒരേ ടൈംടേബിൾ ഉചിതമല്ല. ഓരോ ദിവസവും ചെയ്തു തീർക്കേണ്ട പ്രവർത്തികളുടെ പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ ടൈം ടേബിൾ തയ്യാറാക്കണം. ഓരോ വിഷയത്തിനും കൃത്യമായ സമയം ടൈംടേബിളിൽ രേഖപ്പെടുത്തി പഠിച്ചു ശീലമാക്കുക.

## ലക്ഷ്യബോധവും ശുഭാപ്തി വിശ്വാസവും

ലക്ഷ്യബോധവും ശുഭാപ്തി വിശ്വാസവും കൊടുത്ത് പ്രോത്സാഹിപ്പിക്കാം. ലക്ഷ്യങ്ങൾ റോഡ് മാപ്പുകൾ പോലെയാണ്. എത്തേണ്ടിടത്ത് എത്താനുള്ള



**അവരുടെ വ്യക്തിത്വത്തെ അംഗീകരിച്ചുകൊണ്ട് അറിവ് നേടാൻ നല്ലൊരു തുണയാകാം**

**ലക്ഷ്യബോധവും ശുഭാപ്തി വിശ്വാസവും കൊടുത്ത് പ്രോത്സാഹിപ്പിക്കാം**

വഴികാട്ടിയാണ്. വ്യക്തമായ ലക്ഷ്യബോധത്തോടെ വേണം പഠനം തുടങ്ങേണ്ടത്. ദൃഢനിശ്ചയവും ഉത്തരവാദിത്തബോധവുമാണ് ലക്ഷ്യത്തിലേക്കുള്ള പാത സുഗമമാക്കുന്നത്. ആകാശത്തോളം സ്വപ്നം കാണുക. കുന്നോളം സ്വന്തമാക്കാം. സ്വപ്നങ്ങളെ ലക്ഷ്യങ്ങളാക്കുക. ലക്ഷ്യങ്ങളെ യാഥാർത്ഥ്യങ്ങളാക്കുക.

## പഠിക്കാനുള്ള അന്തരീക്ഷം

പഠിക്കാനുള്ള അന്തരീക്ഷം അമ്മ തന്നെ ഒരുക്കണം. കുട്ടികൾക്ക് പഠിക്കാൻ ഒരു പ്രത്യേക സ്ഥലം വേണം, മാതാപിതാക്കളുടെ ശ്രദ്ധ ചെന്നെത്തുന്ന സ്ഥലത്തായിരിക്കണം കുട്ടികൾക്കു പഠനസൗകര്യം ഒരുക്കേണ്ടത്. മാതാപിതാക്കൾ ടിവി കണ്ടുകൊണ്ട്, നിങ്ങൾ പോയി പഠിച്ചോ എന്നു കുട്ടികളോട് പറയരുത്. കുട്ടികൾ പഠിക്കുന്ന സമയത്ത് അവരുടെ പഠനാന്തരീക്ഷത്തിനു തടസ്സമുണ്ടാക്കുന്ന കാര്യങ്ങൾ ചെയ്യാതിരിക്കുക.

## ശ്രദ്ധ

ശ്രദ്ധ ക്ലാസ്സിലിരിക്കുമ്പോഴും വായിക്കുമ്പോഴും അത്യാവശ്യമായി ഉണ്ടാകേണ്ട ഗുണമാണ്. ശ്രദ്ധയോടുകൂടി കേൾക്കുമ്പോഴും വായിക്കുമ്പോഴുമാണ് തലച്ചോറിൽ ആഴത്തിൽ ആലേഖനം ചെയ്യപ്പെടുന്നത്. ഒരേ കാര്യത്തിൽ തന്നെ മനസിനെ കേന്ദ്രീകരിക്കുന്നതിനെയാണ് ശ്രദ്ധ എന്നു പറയുന്നത്. കുട്ടികൾക്കു ഉന്നതമായ പഠനനിലവാരം പുലർത്തുന്നതിന് ഏറ്റവും ആവശ്യമായ ഗുണമാണ് ശ്രദ്ധ.

> ഉന്നതമായ പഠനനിലവാരം പുലർത്തുന്നതിന് ഏറ്റവും ആവശ്യമായ ഗുണമാണ് ശ്രദ്ധ

## വായന

വായന വളരെ പ്രധാനമാണ്. ഭാഷ, ആശയവിനിമയം, ഭാവന തുടങ്ങിയവ വർധിപ്പിക്കാൻ വായന സഹായിക്കും. എല്ലാം വീടുകളിലും വായനക്കായി പ്രത്യേകം സമയം മാറ്റിവെക്കണം.

മാതാപിതാക്കളും കുട്ടികളും ഒരുപോലെ വായന പ്രയോജനപ്പെടുത്തട്ടെ. വായന ആത്മാവിന് വളരെയധികം സന്തോഷം നൽകുന്ന കാര്യമാണെന്നതിൽ യാതൊരു സംശയവുമില്ല. കണ്ണിന് തെളിച്ചവും ബുദ്ധിക്ക് വെളിച്ചവും ഉള്ള കാലത്തോളം എല്ലാവർക്കും പ്രയോജനകരമായി കൊണ്ടു നടക്കാൻ കഴിയുന്നതും കഴിയേണ്ടതുമായ ഒരു പ്രക്രിയയാണ് വായനാശീലം.

## അവധി ബോണസാക്കാം

അപ്രതീക്ഷിതമായി ലഭിക്കുന്ന അവധിയും മറ്റു അവധി സമയവും പാഴാക്കാതെ പഠനത്തിനായി ചെലവഴിക്കാം.

## റിവിഷൻ

റിവിഷൻ വളരെ പ്രധാനം. ദിവസവും, അല്ലെങ്കിൽ ആഴ്ചയിലൊരിക്കൽ പഠിച്ച മുഴുവൻ പാഠങ്ങളും ഒരാവർത്തി ഓർമിച്ചെടുക്കാനുള്ള അവസരങ്ങളുണ്ടാക്കുക. ഇത് പഠനം എളുപ്പത്തിലാക്കാനുള്ള ഒരു പ്രധാനവഴിയാണ്.

## മത്സരം

മത്സരം കുട്ടികളിൽ സ്നേഹത്തോടെയായിരിക്കണം. മത്സരബുദ്ധി മോശപ്പെട്ടതൊന്നുമല്ല. പക്ഷേ ഒപ്പം പഠിക്കുന്ന കുട്ടികളോട് ശത്രുത തോന്നിപ്പിക്കുന്ന തരത്തിലാവരുതെന്ന് മാത്രം. നല്ല മാർക്കു നേടാനാണ് മത്സരിക്കേണ്ടതെന്ന് പറഞ്ഞു കൊടുക്കാം.

## ലൈംഗിക വിദ്യാഭ്യാസം

ലൈംഗികവിദ്യാഭ്യാസം മാതാപിതാക്കൾ കുട്ടികൾക്കു നൽകുന്നതിലൂടെ ലൈംഗിക ചൂഷണത്തിൽ നിന്നു സ്വയം രക്ഷനേടാനാകും. ബലാത്സംഗം മാത്രമല്ല ലൈംഗിക ചൂഷണം. അരുതാത്ത രീതിയിലുള്ള സ്പർശം പോലും തിരിച്ചറിയാൻ ലൈംഗികവിദ്യാഭ്യാസം സഹായിക്കും. ആവശ്യമില്ലാത്ത കാര്യങ്ങളിൽ "അരുത്" എന്നു പറയാനുള്ള കരുത്തു കുട്ടികൾക്കുണ്ടാക്കിയെടുക്കണം. അമ്മമാർക്ക് മാത്രമേ ഇതിനു കുട്ടികളെ സഹായിക്കാനാകു.

## ഭക്ഷണം

കുട്ടികളുടെ പ്രഭാതഭക്ഷണം രുചികരവും പോഷകസമ്പുഷ്ട വും വൈവിധ്യപൂർണവുമാക്കു ന്നതിന് പ്രത്യേകം ശ്രദ്ധിക്കണം. തലച്ചോറിനുള്ള ഭക്ഷണമായാണ് പ്രഭാതഭക്ഷണം കരുതുന്നത്. നല്ല പ്രഭാതഭക്ഷണം കഴിക്കുന്ന കുട്ടികൾക്ക് പഠനത്തിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കാൻ കഴിയുമെന്ന് നിരവധി പഠനങ്ങളിലൂടെ തെളിഞ്ഞിട്ടുണ്ട്. പഠനം പോലെ പ്രധാനമാണ് ആരോഗ്യം. നല്ല ഭക്ഷണശീലങ്ങൾ വളർത്തുക. പോഷകസമൃദ്ധമായ ഭക്ഷണ ങ്ങൾ കഴിക്കുന്നുണ്ടോയെന്ന് ശ്രദ്ധിക്കണം.

## ശുചിത്വം

ശുചിത്വവും കൃത്യമായ ദിനചര്യയും പാലിക്കാൻ കുട്ടികളെ പഠിപ്പിക്കേണ്ടത് മാതാപിതാക്കളാണ്. ഭക്ഷണം കഴിക്കുന്നതിനു മുൻപും ശേഷവും കൈകൾ വൃത്തിയായി കഴുകാൻ ശിലിപ്പിക്കുക. ഭക്ഷണമേശയിൽ പാലിക്കേണ്ട മര്യാദകൾ കുട്ടികളെ പഠിപ്പിക്കണം. ദിവസവും രണ്ട് നേരം പല്ലുതേക്കാനും ശരീരവും വസ്ത്രവും വൃത്തിയായി സൂക്ഷിക്കാനും ശീലിപ്പിക്കുക.

## കളികളും വ്യായാമങ്ങളും

കുട്ടികളിൽ ശാരീരികവും മാനസികവും വൈകാരികവും ബുദ്ധിപരവുമായ കഴിവുകളെ മെച്ചപ്പെടുത്താൻ കളികളും വ്യായാമങ്ങളും



പഠനം പോലെ പ്രധാനമാണ് ആരോഗ്യം

നല്ല പങ്കുവഹിക്കാറുണ്ട്. ഓർമയും ഏകാഗ്രതയും കൂട്ടുക, ഇൻസുലിൻ ഹോർമോണിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക, പൊണ്ണത്തടി കുറയ്ക്കുക, രോഗപ്രതിരോധശേഷി മെച്ചപ്പെടുത്തുക, അസ്ഥികളുടെ യും പേശികളുടെയും ബലം കൂട്ടു ക തുടങ്ങിയ നല്ല ഫലങ്ങൾ കളിക ളിലൂടെയും വ്യായാമത്തിലൂടെയും നേടാനാകും. കുട്ടികൾക്ക് എന്ത് കാര്യവും പെട്ടെന്ന് മടുക്കും. അതു കൊണ്ട് തന്നെ അവധി ദിവസങ്ങളി ലും പഠനത്തിനിടയ്ക്കും അവർക്ക് ഇടവേളകൾ കൊടുക്കാം.

## സൗഹൃദങ്ങൾ

സൗഹൃദങ്ങൾ ജീവിതത്തിൽ വളരെ പ്രധാനമാണെന്നു കുട്ടിയെ പറഞ്ഞു മനസ്സിലാക്കണം. കുഞ്ഞു ങ്ങളുടെ മാനസികവളർച്ചയ്ക്കു സൗഹൃദങ്ങൾ വളരെ പ്രധാനമാണ്. നല്ല കൂട്ടുകാരെ തിരഞ്ഞെടുക്കാൻ കുട്ടികളെ സഹായിക്കണം. നല്ല വിദ്യാർത്ഥികൾ അധ്യാപകരുമായും സൗഹാർദപരമായ വ്യക്തിബന്ധം പുലർത്തും.

## പങ്കുവയ്ക്കൽ

പങ്കുവയ്ക്കലിന്റെ ഗുണം അറിഞ്ഞു വേണം കുട്ടികൾ വളരേണ്ടത്. കരുതൽ, സ്നേഹം, സൗഹൃദം ഇവയെല്ലാം പ്രകടി പ്പിക്കാൻ പങ്കുവയ്ക്കലിലൂടെ കഴിയുമെന്നു പറയണം. എല്ലാ കാര്യങ്ങളെയും പോസിറ്റീവായി കാണാൻ കുട്ടികളെ പഠിപ്പിക്കണം. എപ്പോഴും മറ്റു കുട്ടികളോടും അധ്യാപകരോടും ശാന്തമായും സത്യസന്ധതയോടും മാത്രം സം സാരിക്കണം എന്ന നിർദ്ദേശവും നൽകണം.

## അഭിനന്ദിക്കുക

കുട്ടികളെ അവരുടെ ചെറിയ നേട്ടങ്ങളിൽപ്പോലും അഭിനന്ദി ക്കുക, നിരന്തരം ഉപദേശിക്കുന്നത് ഒഴിവാക്കി ക്രിയാത്മക നിർദേശ ങ്ങൾ നൽകുന്നത് ശീലമാക്കുക. പ്രശ്നങ്ങ ളുണ്ടാകുമ്പോൾ അവയെ പ്രശ്നങ്ങളായി കരുതാതെ വെല്ലുവിളികളായി കണ്ടുകൊണ്ട് പരാതിയില്ലാതെ നേരിടാം. എന്തുതന്നെ സംഭവിച്ചാലും തികഞ്ഞ ശുഭാപ്തി വിശ്വാസ ത്തോടെ പ്രശ്നങ്ങളെ നേരിടാൻ പ്രചോദി പ്പിക്കുക. ഏതു പരാജയവും വഴിത്തിരിവാ യിരിക്കുമെന്ന് ഉറച്ചു വിശ്വസി പ്പിക്കുക. ഇവ യൊക്കെ



**തികഞ്ഞ ശുഭാപ്തി വിശ്വാസത്തോടെ പ്രശ്നങ്ങളെ നേരിടാൻ പ്രചോദിപ്പിക്കുക**

കുട്ടികളെ നല്ല മാനസികാരോഗ്യം ഉള്ളവരാക്കി മാറ്റാൻ വളരെയധികം സഹായിക്കും.

## ഉത്തരവാദിത്വം

കുട്ടികളെ ആൺ പെൺ വ്യത്യാസമില്ലാതെ കുട്ടിക്കാലം മുതൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ ശീലിപ്പിക്കാം. സ്വന്തം കളിപ്പാട്ടങ്ങൾ, സ്കൂൾ ബാഗിൽ പുസ്തകങ്ങൾ തുടങ്ങിയവ അടുക്കി വെക്കുക, പഠനമുറിയും കിടപ്പുമുറിയും വൃത്തിയാക്കുക തുടങ്ങിയ കാര്യങ്ങൾ സ്വയം ചെയ്യാൻ ശീലിപ്പിക്കുക. കുട്ടികൾ വളരുന്നതനുസരിച്ച് കുടുതൽ ഉത്തരവാദിത്വങ്ങൾ നൽകി സ്വയം പ്രാപ്തരാക്കുക.

**കുട്ടികൾ മികച്ച വ്യക്തിത്വമുള്ളവരായി വളരണമെങ്കിൽ ജീവിതമൂല്യങ്ങളും നല്ല ശീലങ്ങളും കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്.**

എല്ലാ കുട്ടികളും ഏന്തെങ്കിലും കഴിവോടുകൂടിയാണ് ജനിക്കുന്നത്. പലപ്പോഴും അത് തിരിച്ചറിയാൻ മാതാപിതാക്കൾക്ക് കഴിയുന്നില്ല എന്നതാണ് പ്രശ്നം. കുട്ടികളെ പഠിപ്പിക്കുക അത്ര എളുപ്പമല്ലന്ന് മനസിലാക്കുക. കുട്ടികൾ മികച്ച വ്യക്തിത്വമുള്ളവരായി വളരണമെങ്കിൽ ജീവിതമൂല്യങ്ങളും നല്ല ശീലങ്ങളും കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്. എല്ലാ ജീവിത വിജയത്തിന്റെയും അടിസ്ഥാനം ദൈവാശ്രയമാണ്. വിജയം കഠിനമായി അദ്ധ്വാനിക്കുന്നവർക്കുള്ളതാണെന്ന പാഠം മറക്കാതിരിക്കുക.



**കുട്ടികൾ വളരുന്നതനുസരിച്ച് കുടുതൽ ഉത്തരവാദിത്വങ്ങൾ നൽകി സ്വയം പ്രാപ്തരാക്കുക**

അടുത്ത ലക്കത്തിൽ:

"കുട്ടികൾക്ക് എതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ"



# ഗ്ലാഡിസ് എയ്ൽവാർഡ്
# GLADYS AYLWARD



അക്സ വി. തോമസ്

ചരിത്രത്തിൽ ധീരതയെ പ്രദർശിപ്പിച്ച അനേകം സ്ത്രീ രത്നങ്ങളെ നാം ദർശിക്കുന്നുണ്ട്. അവരിൽ അറിയപ്പെട്ട ഒരു വ്യക്തിയാണ് ഗ്ലാഡിസ് എയ്ൽവാർഡ്.

1902-ൽ ലണ്ടനിൽ തോമസ് എയ്ൽവാർഡിന്റെയും റോസിനാ എയ്ൽവാർഡിന്റെയും മകളായി ജനിച്ച ഗ്ലാഡിസ് ബാല്യം മുതലേ വീട്ടുജോലിയും മറ്റും ചെയ്ത് ഉപജീവനമാർഗ്ഗം കണ്ടെത്തിയിരുന്നു. മറ്റു പെൺകുട്ടി

കളിൽ നിന്നും വ്യത്യസ്തമായി അവളുടെ കണ്ണുകൾക്കും മുടികൾക്കും കറുപ്പു നിറമായിരുന്നു. തന്റെ സുഹൃത്തുക്കളുടെയെല്ലാം കണ്ണ് നീലനിറവും മുടി തവിട്ടുനിറവുമായിരുന്നു. ഈ വ്യത്യസ്തത ബാല്യം മുതലേ അവളെ അസ്വസ്ഥയാക്കിയിരുന്നു. എങ്കിലും ഭക്തിനിർഭരമായ ജീവിതമായിരുന്നു അവൾ നയിച്ചിരുന്നത്.

26-ാം വയസ്സിൽ ഒരു സുവിശേഷയോഗത്തിൽ വെച്ച് ചൈനയിൽ സുവിശേഷം അറിയിക്കുവാനുള്ള ചുമതല തനിക്കു ലഭിച്ചിരിക്കുന്നതായി അവൾ മനസ്സിലാക്കി. ചൈന ഇൻലാൻഡ് മിഷൻ എന്ന സ്ഥാപനത്തോടു ചേർന്ന് പ്രവൃത്തിക്കുവാൻ തയ്യാറെടുപ്പുകൾ നടത്തിയെങ്കിലും വേണ്ടത്ര പുരോഗതി ഉണ്ടായില്ല. ആ സമയം ചൈനയും ജപ്പാനും തമ്മിൽ യുദ്ധത്തിലായിരുന്നതിനാൽ ചൈനയിലെത്തിച്ചേരുക എന്നത് ദുഷ്ക്കരമായിരുന്നു. ഒരു ഏകയായ സ്ത്രീ, വിദേശരാജ്യം, അജ്ഞാതഭാഷ എന്നി പല തടസ്സങ്ങൾ ഉണ്ടായിരുന്നിട്ടും തന്റെ ജീവിതസമ്പാദ്യം മുഴുവൻ ചിലവിട്ട് ചൈനയിലേക്ക് സുവിശേഷത്തിന്റെ ദൂതുമായി അവർ യാത്രയായി.

ചൈനയിലെ പ്രദേശവാസികൾ വിദേശികളെ ഭവനത്തിൽ സ്വീകരിക്കുകയോ അവരുമായി സംസർഗ്ഗം പുലർത്തുകയോ ചെയ്യുകയില്ലായിരുന്നു. എന്നാൽ ഗ്ലാഡിസിന്റെ കണ്ണുകളുടെ വ്യത്യസ്തത അവിടെ അവളെ സ്വീകാര്യമാക്കി. ഇത്രയും നാൾ അനുഭവിച്ച അസ്വസ്ഥത ഒരു അനുഗ്രഹമായി നൽകിയതാണ് എന്ന് വെളിപ്പെടുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു.



ആ കാലത്ത് വ്യാപാര ആവശ്യങ്ങൾക്കായി മൃഗങ്ങളുടെ പുറത്തും കാൽനടയായും ആളുകൾ യാത്ര ചെയ്തിരുന്നു. ഗ്ലാഡിസ്സ് തന്റെ സഹപ്രവൃത്തകനായ ജീനിയോ ലോസന്റെ സഹായത്തോടെ അവിടുത്തെ വഴിയാത്രക്കാർക്കുവേണ്ടി സത്രം ആരംഭിച്ചു. ആ സത്രത്തിൽ എത്തുന്നവർക്ക് വേണ്ടുന്ന സഹായവും പരിചരണവും നല്കി, ഗ്ലാഡിസ് അവരെ സുവിശേഷത്തിലേക്കു ആകർഷിക്കുവാൻ തുടങ്ങി. വൈകുന്നേരങ്ങളിൽ യേശുക്രിസ്തുവിന്റെ അത്ഭുതങ്ങളും അടയാളങ്ങളും സ്നേ



ഹവും യാത്രക്കാരുമായി പങ്കുവെച്ച് ദൈവീകസന്ദേശം അവരിലേക്കു പകർന്നു. തൽഫലമായി അവൾക്ക് അനേകരെ രക്ഷയിങ്കലേക്ക് നടത്തുവാൻ സാധിച്ചു. ആ സത്രം തുടർന്ന് ഒരു അനാഥമന്ദിരം ആയിത്തീർന്നു. 100– ൽ അധികം കുട്ടികളെ സംരക്ഷിക്കുന്ന ഒരു സ്ഥാപനമായി അത് മാറി.

രണ്ടാം ലോകമഹായുദ്ധത്തിന് മുന്നോടിയായി ചൈനയിലും പ്രശ്നങ്ങളും പ്രതിസന്ധികളും ഉയർന്നു. ജയിലിൽ ലഹള ഉണ്ടാകുകയും ഗ്ലാഡിസിനെ ആ പ്രശ്നം പരിഹരിക്കുവാൻ അവിടെ വിളിക്കുകയും ചെയ്തു. പ്രശ്നം വളരെ രൂക്ഷമാകുകയും പട്ടാളക്കാർപോലും ഇടപെടുവാൻ മടിക്കുകയുണ്ടായി. എങ്കിലും ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസത്തിൽ ആശ്രയിച്ച് ഗ്ലാഡിസ്സ് അവരുടെ മദ്ധ്യത്തിൽ സമാധാനത്തിന്റെ സന്ദേശമുവായി ചെന്നു. അവളുടെ ധീരത കണ്ട് അനേകർ ആശ്ചര്യപ്പെട്ടു. എന്നാൽ ആ ശക്തിയുടെ സ്രോതസ്സ് സ്വർഗ്ഗത്തിൽ നിന്നായിരുന്നതിനാൽ ഗ്ലാഡിസ്സ് പിന്നെയും പ്രവർത്തനങ്ങൾ തുടർന്നു. യുദ്ധത്തിന്റെ അന്തരീക്ഷം വീണ്ടും വഷളായിക്കൊണ്ടിരിക്കുന്നത് മനസ്സിലാക്കി പ്രദേശവാസികൾ അവിടം വിട്ടു നീങ്ങുവാൻ ആരംഭിച്ചു. ആ സന്ദർഭത്തിൽ തന്റെ ജന്മനാടിനെ പോലും മറന്ന് അനേകം അനാഥ കുട്ടികളെ പലപ്രാവശ്യമായി രക്ഷിച്ച് സംരക്ഷിച്ച് സുരക്ഷിത സ്ഥാനത്ത് എത്തിക്കുകയും അവിടുത്തെ ജനങ്ങൾക്ക് വേണ്ടി സ്വയം മറന്ന് പ്രവൃത്തിക്കുകയും ചെയ്തു. ഇതിനിടയിൽ പലപ്രാവശ്യം മുറിവേൽക്കുകയും തൽഫലമായി ടൈഫോയിഡ് രോഗത്തിന് അടിമപ്പെടേണ്ടിയും വന്നു.

അവിവാഹിതയായ അവൾ കർത്താവ് എന്ന കൂട്ടാളിയെ മാത്രം സ്നേഹിച്ച് അവനുവേണ്ടി ജീവിതം നയിച്ചു. യുദ്ധത്തിന്റെ കാലത്തുണ്ടായ മുറിവുകൾ അവളുടെ ശരീരത്തെ ക്ഷയിപ്പിച്ചു. എങ്കിലും അന്ത്യശ്വാസം വരെ കർത്താവിനായി പൊരുതി ജീവിതം നയിക്കുവാൻ ഗ്ലാഡിസ്സിനു സാധിച്ചു. ഗ്ലാഡിസ്സിന്റെ പ്രവൃത്തനങ്ങൾ മൂലം ചൈനയിലെ മക്കൾ നന്മയുള്ളവൾ എന്ന് വിളിച്ചിരുന്നു. തന്റെ ജീവിതമായിരുന്നു അവളുടെ സാക്ഷ്യം.

ഗ്ലാഡിസ്സിനെപ്പോലെ നമ്മുടെ വിളിയും തിരഞ്ഞെടുപ്പും തിരിച്ചറിഞ്ഞ് പ്രതിഫലം ഇച്ഛിക്കാതെ ക്രിസ്തുവിന്റെ പത്രങ്ങളായി നമുക്കും തീരാം. ക്രിസ്തു നമ്മിലേക്കു പകരുന്ന നന്മയുടെ യഥാർത്ഥവാഹകരായി മാറാം.





thZ]pkXI ¯nse k{XoIYm]m{X§Ä

മക്കളെക്കുറിച്ചുള്ള
ദൈവീക ഉദ്ദേശം
അമ്മമാർ തിരിച്ചറിയണം.

# ശ്രേഷ്ഠമായ മാതൃദൗത്യം!



ബ്ലെസ്സി സ്റ്റാൻലിൻ

സ്ത്രീത്വത്തിന്റെ അനിർവ്വചനീയ മായ ഒരു പദവിയാണ് അമ്മയാവുക എന്നത്. ഒരു കുഞ്ഞിന് ജന്മം നൽകുവാൻ കഴിയുന്നത് ദൈവാനുഗ്രഹമാണ്. മാതൃസ്നേഹത്തിന് പകരം വയ്ക്കുവാൻ ലോകത്തിൽ മറ്റൊരു സ്നേഹബന്ധത്തിനുമാവുകില്ല.

തിരുവചനത്തിൽ അമ്മമാരുടെ ഉത്തരവാദിത്വങ്ങളും ഒരു കുഞ്ഞിനെ പത്ഥ്യോപദേശത്തിലും ദൈവ ഭയത്തിലും വളർത്തേണ്ടത് എങ്ങനെയെന്നുള്ള വ്യക്തമായ രൂപരേഖയും മാതാക്കളോടുള്ള ബന്ധത്തിൽ ഉണ്ട്. അക്കൂട്ടത്തിൽ

ശ്രദ്ധേയമായ ദൗത്യ നിർവഹണം നടത്തിയ ഒരു മഹത് വ്യക്തിയാണ് യോഖേബേദ്. അറുനൂറായിരം വരുന്ന യിസ്രായേൽ ജനതയുടെ നെടുനായകത്വം വഹി ച്ച് അവരെ മരുഭൂമിയിൽക്കൂടി നടത്തിയ മോശയെന്ന പടനായകനെ വാർത്തെടുത്ത വനിതാരത്നം.

അമ്രാം, യോഖേബേദ് ദമ്പതികൾ മക്കളായ അഹരോനോടും മിര്യാമിനോടും കൂടെ മിസ്രയീമിൽ അടിമകളായി പാർക്കുന്ന കാലത്താണ് അവർക്ക് മോശ ജനിക്കുന്നത്. 'നാലാം തലമുറയിൽ നിന്ന് നിങ്ങൾക്ക് ഒരു വിമോചകൻ ഉണ്ടാകും' എന്ന് തങ്ങളുടെ പിതാവായ അബ്രഹാം മുതൽ കൈമാറിക്കിട്ടിയ വാഗ്ദത്തം മുറുകെപ്പിടിച്ച് മിസ്രയീമിൽ പാർക്കുന്നവരാണ് അവർ.

അക്കാലത്ത് മിസ്രയീമ്യരാജാവായ ഫറവോൻ ഒരു കൽപ്പന പുറപ്പെടുവിച്ചു, എബ്രായ നവജാത ശിശുക്കളെയെല്ലാം നൈൽ നദിയിൽ എറിഞ്ഞ് കൊന്നുകളയണം എന്ന്. മോശയുടെ അമ്മയാകട്ടെ രാജകൽപ്പന തെല്ലും ഭയപ്പെട്ടില്ല, മോശെ നൈൽ നദിയുടെ ആഴങ്ങളിലേക്ക് പോകേണ്ടവനല്ലെന്നും ദൈവീക വാഗ്ദത്തപ്രകാരം യിസ്രയേലിന്റെ വിമോചകനായിത്തീരേണ്ടവനാണെന്നും ആ അമ്മ തിരിച്ചറിഞ്ഞിരുന്നു.

ശിശു സുന്ദരനെന്നു കണ്ട് മൂന്ന് മാസം അവനെ ഒളിപ്പിച്ചു (എബ്രാ 11:23). അവനാണ് യിസ്രായേലിന്റെ യഥാർത്ഥ വിമോചകൻ എന്നുള്ള തിരിച്ചറിവാണ് അവളെ അതിന് പ്രേരിപ്പിച്ചത്. തങ്ങളുടെ മക്കളെക്കുറിച്ചുള്ള ദൈവീക ഉദ്ദേശം അമ്മമാർ യഥാർത്ഥമായി തിരിച്ചറിയണം. ഫറവോരാജാവിന്റെ കൽപ്പനയെ അവൾ ഭയപ്പെട്ടിരുന്നുവെങ്കിൽ പിൽക്കാലത്ത് യിസ്രായേൽ മക്കളെ അടിമXZ ¯ ‖ൽ നിന്ന് വിടുവിക്കാൻ ഒരു മോശെ ഉണ്ടാകുമായിരുന്നില്ല

ദൈവാശ്രയത്തിൽ ദൈവഹിതപ്രകാരം ആ അമ്മ തന്റെ കൈക്കുഞ്ഞിനെ മാറോടണച്ച് വളർത്തി. മാതൃസ്നേഹത്തിനു മുന്നിൽ രാജകൽപ്പന പരാജയപ്പെട്ടു. ആ രാജ്യത്തുള്ള സകല ആൺകുഞ്ഞുങ്ങളും മരണത്തിനു കീഴടങ്ങുമ്പോൾ മോശെ മാത്രം ജീവനോടെ ശേഷിച്ചു. ദൈവീക വാഗ്ദത്തത്തെ മുറുകെപ്പിടിച്ച ഒരമ്മയാണ് അതിനു കാരണം.

മൂന്നുമാസം പ്രായമായ കുഞ്ഞിനെ ഇനിയും രഹസ്യമായി വളർത്താൻ സാദ്ധ്യമല്ല എന്നു മനസ്സിലാക്കിയ യോഖേബേദ് കീലും പശയും തേച്ച ഒരു ഞാങ്ങണപ്പെട്ടകത്തിൽ അവനെ നൈൽ നദിയിലൂടെ ഒഴുക്കിവിടുവാൻ തീരുമാനിച്ചു. തന്റെ കുഞ്ഞിനെ ആഴമേറിയ നദിയുടെ ഓളപ്പരപ്പിലൂടെ ഒഴുക്കി വിടുമ്പോൾ അവൾ തെല്ലും ഭയന്നിരുന്നില്ല. മോശെ സുരക്ഷിത കരങ്ങളിൽ തന്നെ എത്തിച്ചേർന്നു.



23 »

Kpcpsamgn

# ഭയപ്പെടരുത്



**ദേഹത്തെ കൊന്നിട്ടു പിന്നെ അധികമായി ഒന്നും ചെയ്‌വാൻ കഴിയാത്തവരെ ഭയപ്പെടേണ്ടാ.**

ലൗലി ജോർജ്

ഒരു കാരണവുമില്ലാതെ എന്തെങ്കിലുമൊക്കെ ചിന്തിച്ച് വെറുതെ പേടിച്ചിരിക്കുകയെന്നത് ചിലർക്കൊരു രസമാണ്. ഭയം മനുഷ്യനെ നിയന്ത്രിച്ചു തുടങ്ങിയാൽ അവൻ ചിന്തിക്കുന്നത് സംഭവിക്കുന്നതായിട്ടാണ് മനസ്സിലാകുന്നത്. ന്യായമായ ഭയം ജീവിതത്തിൽ നല്ലതു തന്നെയാണ്. എന്നാൽ വീട്ടിൽ സുരക്ഷിത സ്ഥാനത്തിരിക്കുമ്പോൾ വഴിയെ പോകുന്ന വാഹനം തന്നെ ഇടിച്ചിടും എന്ന് ഭയക്കേണ്ടതുണ്ടോ? മറ്റുള്ളവരെ പേടിപ്പിക്കുകയെന്നതും വേറെ ചിലർക്കു ഒരു ഹരമാണ്.

പുരാതന റോമിലെ നേതാക്കളിലൊരാളായിരുന്ന ടൈറ്റസ് ആനിയൂസ് മിലോ കുറ്റാരോപിതനായി തടവിലാക്കപ്പെട്ടു. മിലോയുടെ കേസ് കോടതിയിൽ വാദിക്കാനെത്തിയത് മികച്ച പണ്ഡിതനും പ്രഗല്ഭ വാഗ്മിയുമായിരുന്ന മാർക്കസ് ടുള്ളയസ് സീസറോ ആയിരുന്നു. മുമ്പ് റോമൻ ഭരണാധികാരികൾ നാടുകടത്തിയ സീസറോയെ തിരികെ കൊണ്ടുവന്നതു മിലോ ആയിരുന്നു. അതുകൊണ്ട് സീസറോയ്ക്കു മിലോയോടു വലിയ കടപ്പാടുണ്ടായിരുന്നു. തന്റെ പ്രിയ സുഹൃത്തിനു വേണ്ടി കേസ് വാദിക്കാൻ സീസറോ കോടതിയിലെത്തി. പ്രതീക്ഷകൾക്കു വിരുദ്ധമായി പെട്ടെന്നുണ്ടായ ഭയം മൂലം സീസറോ കേസ് വാദിക്കുന്നതിൽ പരാജയപ്പെട്ടു. സീസറോയുടെ പരാജയം നിരപരാധിയായ മിലോയെ നാടുകടത്തി.

ഭയം, ഏതെങ്കിലുമൊരു അവസരത്തിൽ എല്ലാ മനുഷ്യരും അനുഭവിക്കുന്ന ഒരു പ്രതിഭാസമാണ്. ഭയം മൂലമാണ് മിടുക്കരായ പലരുടെയും ജീവിതം പരാജയത്തിൽ കലാശിച്ചത്.

ക്രിസ്തുശിഷ്യന്മാരുടെ ജീവിതത്തിലും ഭയം അവരെ പിൻതുടർന്നിരുന്നു. ഗുരു കൂടെയുള്ള സമയങ്ങളിൽ പോലും അവർ ഭയമുള്ളവരായി കാണപ്പെട്ടു. ഗുരുവിന്റെ അടുക്കലെത്താൻ വെള്ളത്തിൻ മീതേ നടന്ന പത്രോസ് കാറ്റ് കണ്ടു പേടിച്ചു മുങ്ങാൻ തുടങ്ങി. ഗുരു പത്രോസിനെ സഹായിച്ചു. ഗുരുമുഖത്തു നിന്നു ദൃഷ്ടി മാറ്റിയതാവാം ഭയം തന്റെ ഉള്ളിൽ നുരഞ്ഞു പൊങ്ങിയത് (മത്താ: 14:30). മറ്റൊരു സന്ദർഭത്തിൽ ക്രിസ്തുവും ശിഷ്യന്മാരും പടകിൽ യാത്ര ചെയ്യുമ്പോൾ കടലിൽ ചുഴലിക്കാറ്റ് ഉണ്ടായി. കാറ്റ് അടിച്ചു, തിര തള്ളിക്കയറി, പടകു മുങ്ങാറായി. ഗുരു അമരത്തു തലയണ വെച്ചു ഉറങ്ങുകയായിരുന്നു. അവർ നിലവിളിച്ചു, ഗുരു എഴുന്നേറ്റ് കാറ്റിനെയും കടലിനെയും ശാന്തമാക്കി. ഗുരു സാന്നിദ്ധ്യം തങ്ങളോടു കൂടെയുണ്ടായിരുന്നിട്ടും അവർ വളരെ ഭയപ്പെട്ടു (മർക്കോ:4:41).

യെഹൂദന്മാർ യേശുവിനെ പിടിച്ചു കൊണ്ടുപോയി. അവർ ഗുരുവിനെ ഉപദ്രവിച്ചു, നിന്ദിച്ചു, പരിഹസിച്ചു, നിസാരനാക്കി, വിസ്തരിച്ചു, ഒടുക്കം കുരിശിലേറ്റി. നിഷ്ഠൂരമായി കൊലചെയ്യപ്പെട്ട ക്രിസ്തുവിന്റെ യാതനകൾ കണ്ട ശിഷ്യഗണങ്ങൾ വല്ലാതെ ഭയപ്പെട്ടുപ്പോയി. ഇനി യൂദരുടെ ലക്ഷ്യം തങ്ങളായിരിക്കുമെന്നു കരുതി അവർ ഭയന്ന് വാതിൽ അടച്ചിരിക്കുകയായിരുന്നു. മുമ്പ് ഗുരു പലവട്ടം തന്റെ മരണ വിധം




മരണത്തെയും പാതാളത്തെയും തോല്പിച്ച ജയാളിയായ ക്രിസ്തു നമ്മോടു കൂടെയുണ്ട്.

സൂചിപ്പിച്ചതാണ്. എന്നാൽ ഇത്രയ്ക്കൊന്നും അവർ പ്രതീക്ഷിച്ചിരുന്നില്ല. ഉയിർത്തെഴുന്നേല്ക്കും എന്ന ഗുരുവിന്റെ വാക്കും വേദനാജനകമായ സാഹചര്യത്തിൽ അവർ മറന്നു എന്നു തോന്നുന്നു. അതുകൊണ്ടാവണം അവർ ഭയന്നു പോയത്. ഭയചകിതരായ ശിഷ്യരുടെ അരികിലേക്കു വന്ന ക്രിസ്തുവിന്റെ സാന്നിദ്ധ്യം അവരെ ധൈര്യശാലികളാക്കി (യോഹ: 20:19).

പന്ത്രണ്ടു ശിഷ്യന്മാരെ തെരെഞ്ഞെടുത്ത് സുവിശേഷം പ്രസംഗിക്കുവാൻ അയയ്ക്കുമ്പോൾ, നേരിടുവാനുള്ള ഉപദ്രവങ്ങളെക്കുറിച്ചും പീഢനങ്ങളെക്കുറിച്ചും മുന്നറിയിപ്പ് നല്കുന്ന ക്രിസ്തു അവർക്കു കൊടുക്കുന്ന പ്രത്യേക നിർദ്ദേശം “ഭയപ്പെടേണ്ട” എന്നാണ്. (മത്താ:10:26). ഗുരു പറഞ്ഞു തുടങ്ങി: “എന്നാൽ എന്റെ സ്നേഹിതന്മാരായ നിങ്ങളോടു ഞാൻ പറയുന്നതു: ദേഹത്തെ കൊന്നിട്ടു പിന്നെ അധികമായി ഒന്നും ചെയ്വാൻ കഴിയാത്തവരെ ഭയപ്പെടേണ്ടാ. ആരെ ഭയപ്പെടേണം എന്നു ഞാൻ നിങ്ങൾ

24 »

# ദൈവം വെറുക്കുന്ന രണ്ടു പാപങ്ങൾ




ശാന്ത ജോൺസൺ

## വിവാഹമോചനം

## (Divorce)

മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല എന്നു കണ്ടു, ദൈവം മനുഷ്യനു നല്കിയ ദാനമാണ് കുടുംബം. ഹവ്വയെ ആദമിനു നല്കി ദൈവം ഭൂമിയിൽ കുടുംബം സ്ഥാപിച്ചു. കുടുംബം വചനാധിഷ്ഠിതവും ദൈവീക പദ്ധതിയുടെ ഭാഗവുമാണ്. ക്രിസ്തീയ വിവാഹത്തിൽ വധൂവരന്മാർ തീരുമാനം എടുക്കുന്നതു ദൈവത്തിന്റെ മുമ്പിലും സഭയുടെ മുമ്പിലും ആണ്. ഇതിന് ആജിവനാന്ത പ്രാബല്യമുണ്ട്. ക്രിസ്തുവും സഭയും തമ്മിലുള്ള ആത്മീക ഐക്യവുമായി ബന്ധപ്പെട്ടു നിൽക്കുന്നതിനാൽ ക്രിസ്ത്യാനിയുടെ വിവാഹത്തിനു ഏറെ പ്രാധാന്യമുണ്ട് (എഫെ:5:32). അതുകൊണ്ടു തന്നെ ദൈവം വിവാഹമോചനം ഇഷ്ടപ്പെടുന്നില്ല (മലാ:2:16).

### എന്തുകൊണ്ട് ദൈവം വിവാഹമോചനം വെറുക്കുന്നു?

1. വിവാഹം, പുരുഷനും സ്ത്രീയും തമ്മിലുള്ള ഉടമ്പടിയാണ്: ഇത് ദൈവത്തിന്റെ മുമ്പിലും സഭയുടെ മുമ്പിലും എടുക്കുന്ന ഉടമ്പടിയാണ്. വിവാഹമോചനം ഉടമ്പടി ലംഘനമാണ്. ദൈവമുമ്പാകെ എടുക്കുന്ന ഉടമ്പടി ലംഘിക്കുമ്പോൾ അതു ദൈവത്തിന് വ്യസനകാരണമാണ്.

2. വിവാഹമോചനം ദൈവത്തോടുള്ള അനുസരണക്കേടാണ്: ഒന്നിച്ചു ജീവിക്കുവാൻ ത്രീയേകദൈവത്തിന്റെ മുമ്പാകെ ഉടമ്പടി ചെയ്താൽ അതു അനുസരിക്കണം.

3. മാതാപിതാക്കൾ വേർപിരിയുമ്പോൾ കുടുംബം തകരുന്നു: മാതാപിതാക്കളുടെ വിവാഹമോചനത്തിലൂടെ അനാഥത്വത്തിലേക്കും ഒറ്റപ്പെടലിലേക്കും നിപതിക്കുന്ന മക്കളു

ടെ ജീവിതം വിരളമല്ല. അവരിൽ ദൈവാശ്രയബോധവും തിരുവെഴുത്തുകളെക്കുറിച്ചുള്ള അറിവും പകർന്നു നല്കേണ്ടവർ അന്യരാകുമ്പോൾ തലമുറകൾക്കു നഷ്ടമാകുന്നത് വിലയേറിയ മൂല്യങ്ങളാണ്.

എല്ലാ കുടുംബജീവിതത്തിലും പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. അത്തരം സാഹചര്യങ്ങൾ അഭിമുഖീകരിക്കുമ്പോൾ ദൈവസന്നിധിയിൽ പ്രാർത്ഥനയ്ക്കുവേണ്ടി സമയം കണ്ടെത്തുവാനും ദൈവവചനത്തിൽ നിന്നുമുള്ള ആലോചനകൾ സ്വീകരിച്ച് മുമ്പോട്ടു ജീവിക്കുവാനും സാധിക്കണം. നാം ഒരു ദിവസം ദൈവത്തിന്റെ മുമ്പാകെ നിൽക്കേണ്ടവരാണ്. ദൈവത്തിന്റെ ഉടമ്പടി ലംഘിച്ചതിനും അനുസരണക്കേടു കാണിച്ചതിനും നമ്മുടെ ചുമതലകൾ നിർവ്വഹിക്കാതെ കുഞ്ഞുങ്ങളെ കരയിപ്പിച്ചതിനും നാം കണക്കു ബോധിപ്പിക്കേണ്ടി വരും. ദൈവം വെറുക്കുന്ന പാപമായ വിവാഹമോചനം സംഭവിക്കാതിരിക്കുവാൻ നാം ശ്രദ്ധാലുക്കളായിരിക്കണം.

## ഗർഭച്ഛിദ്രം ( Abortion )

ദൈവം തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലുമാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. ഭയങ്കരവും അതിശയവുമായി സൃഷ്ടിക്കപ്പെട്ട മനുഷ്യജീവൻ ദൈവത്തിനു വിലയേറിയതാണ്. അതു നശിപ്പിക്കുവാൻ ദൈവം ആരെയും അനുവദിക്കുന്നില്ല. (സങ്കീ:139:13,14). ഇന്നു ഒന്നിച്ചു താമസിക്കുക, വിവാഹത്തിന് മുമ്പ് ലൈംഗീകബന്ധത്തിൽ ഏർപ്പെടുക, വിവാഹം കഴിച്ചവർ അവർ ആഗ്രഹിക്കാത്ത സമയത്തു കുഞ്ഞു ഉണ്ടാകുക എന്നിത്യാദി കാരണങ്ങളാൽ ഗർഭച്ഛിദ്രം നടക്കുന്നു. ഗർഭച്ഛിദ്രം ദൈവം വെറുക്കുന്ന, അറെക്കുന്ന ഒരു പാപമാണ്.




### എന്തുകൊണ്ട് ഗർഭച്ഛിദ്രം ദൈവം വെറുക്കുന്നു:

ദൈവം അതിശയമായി സൃഷ്ടിച്ച ഒന്നിനെ നശിപ്പിക്കുവാൻ മനുഷ്യന് അധികാരമില്ല. നാം നശിപ്പിക്കുമ്പോൾ ദൈവം അതിനെ വെറുക്കുന്നു. ഗർഭച്ഛിദ്രം അഥവാ കൊലപാതകം ചെയ്യുമ്പോൾ ഒരു ജീവനെ നശിപ്പിക്കുകയാണ്. കൊല (ഗർഭച്ഛിദ്രം) ചെയ്യുന്നവർ ശപിക്കപ്പെട്ടവരാകുന്നു (പുറ:20:13). ഗർഭച്ഛിദ്രം ചെയ്യുമ്പോൾ ദൈവോദ്ദേ്യശത്തിനെതിരായി പ്രവർത്തിക്കുന്നു. ദൈവം യിരെമ്യാവ് പ്രവാചകനോട് പറയുന്നത് നിന്നെ ഉദരത്തിൽ ഉരുവാക്കിയതിന് മുമ്പെ ഞാൻ നിന്നെ അറിഞ്ഞു, നീ ഗർഭപാത്രത്തിൽ നിന്ന് പുറത്തു വന്നതിന് മുമ്പെ ഞാൻ നിന്നെ വിശുദ്ധീകരിച്ചു, ജാതികൾക്ക് പ്രവാചകനായി നിയമിച്ചിരിക്കുന്നു. ഇവയെല്ലാം ദൈവം മനുഷ്യന്റെ സൃഷ്ടിയോടനുബന്ധമായി ചെയ്യുന്ന പ്രക്രിയകളാണ്. അതുകൊണ്ട് ഗർഭച്ഛിദ്രം ദൈവത്തിന്റെ പദ്ധതിക്ക് വിപരീതമാണ്.

24 »

# പൊള്ളുന്ന നരകം



ജെസ്‌ലിൻ ജോൺസൺ

പ്രിയ കുഞ്ഞുങ്ങളേ,

എല്ലാവരും അവധിക്കാലം ആഘോഷിക്കുകയായിരി¶p അല്ലേ? പക്ഷേ പല കൂട്ടുകാരും വീടിനുള്ളിലാവാം അവധിക്കാലം ചെലവഴിച്ചത്. ചുട്ടുപൊള്ളുന്ന വെയിലിനെ പേടിച്ച് പലർക്കും പുറത്തിറങ്ങാൻ km[n¨nÃ. സൂര്യനെ ഇത്രയേറെ ഗൗരവത്തിൽ നമ്മൾ കണ്ടിട്ടേയില്ല. ഇനിയും ചൂട് കൂടിയാലുള്ള അവസ്ഥയെപ്പറ്റി നമുക്ക് ചിന്തിക്കാൻ പോലുമാവില്ല.

എന്നാൽ ഇതിനേക്കാൾ പതിനായിരം മടങ്ങ് ചൂടുള്ള ഒരു സ്ഥലത്തെപ്പറ്റി ബൈബിളിൽ പറഞ്ഞിട്ടുണ്ട്. അതാണ് നരകം! (മർക്കോസ് 9:46). "കെടാത്ത തീയായ നരകം" എന്നാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

നരകം അഥവാ തീപ്പൊയ്കയെ (lake of fire) ബൈബിളിൽ വിശേഷിപ്പിച്ചിരിക്കുന്നത് രണ്ടാമത്തെ മരണം എന്നാണ്. എന്നാൽ ഈ രണ്ടാമത്തെ മരണത്തിൽ എല്ലാവരും ഉൾപ്പെടുകയില്ല. "ജീവപുസ്തകത്തിൽ പേരെഴുതികാണാത്ത ഏവനെയും" ആണ് ഈ തീപ്പൊയ്കയിൽ തള്ളുക. (വെളിപ്പാട് 20:15)

ജീവപുസ്തകത്തിൽ നിങ്ങളുടെ പേര് എഴുതിയിട്ടുണ്ടോ? ഇല്ലെങ്കിൽ നിങ്ങളും ഈ ശിക്ഷാവിധിക്ക് യോഗ്യരാണ്. എന്നാൽ ജീവപുസ്തകത്തിൽ പേരു ചേർക്കപ്പെട്ട ഒരു വ്യക്തിക്ക് ഈ നിത്യയാതനാസ്ഥലത്തേക്ക് പോകേണ്ടിവരുന്നില്ല.

"കർത്താവേ ഞാൻ ഒരു പാപിയാണ്. എന്റെ പാപത്തിന്റെ ഫലമായാണ് അങ്ങ് ക്രൂശിൽ എനിക്ക് പകരമായി മരിച്ചത്. ഞാൻ അങ്ങയെ



എന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്നു. എന്റെ ഹൃദയത്തിലേക്ക് വരേണമേ." ഇങ്ങനെ അനുതാപത്തോടെ പ്രാർത്ഥിച്ച് യേശുകർത്താവിനെ സ്വീകരിക്കുന്ന ഒരു വ്യക്തിയുടെ പേര് ദൈവം ജീവപുസ്തകത്തിൽ എഴുതിച്ചേർക്കുന്നു. അവർ രക്ഷിക്കപ്പെടുന്നു. അങ്ങനെ ഉള്ളവർ നരക ശിക്ഷാവിധിക്ക് യോഗ്യരല്ല.

പ്രിയ കുഞ്ഞുങ്ങളേ, യേശു അപ്പച്ചനെ ഹൃദയത്തിൽ സ്വീകരിച്ച ഓരോരുത്തരും എത്ര ഭാഗ്യവാന്മാരാണ്. ഈ ലോകത്തിലെ കഷ്ടതകൾക്കപ്പുറം നമുക്ക് നിത്യമായൊരു ഭവനം യേശു അപ്പച്ചൻ സ്വർഗത്തിൽ ഒരുക്കിയിട്ടുണ്ട്. കഷ്ടതകളും പ്രയാസങ്ങളും ഒന്നുമില്ലാത്ത ഒരു ഭവനം. അവിടേക്ക് പോകുവാൻ നിങ്ങൾ ഒരുങ്ങിയിട്ടുണ്ടോ?

## » 17 ശ്രേഷ്ഠമായ മാതൃദൗത്യം!.... തുടർച്ച

ഈ ലോകമാകുന്ന നദിയിലൂടെ ഒഴുകിനീങ്ങുന്ന കുഞ്ഞുങ്ങൾക്ക് പ്രാർത്ഥനയുടെ ആവരണം തീർത്ത് സ്വസ്ഥമായിരിപ്പാൻ എത്ര അമ്മമാർക്ക് സാധിക്കുന്നുണ്ട്..? പ്രാർത്ഥന എന്ന കോട്ട തന്റെ മക്കൾക്ക് ചുറ്റും തീർത്തീട്ടുണ്ടെങ്കിൽ നദിയിലെ വെള്ളം പെട്ടകത്തിനകത്ത് കയറുകയോ അത് മുങ്ങിപ്പോവുകയോ ചെയ്യുകയില്ല.... തീർച്ച.!

പിന്നീട് മോശെക്കുഞ്ഞ് ഫറവോന്റെ പുത്രിയുടെ കയ്യിൽ എത്തുകയും രാജകൊട്ടാരത്തിൽ സുരക്ഷിതനായി വളരുകയും ചെയ്തു. യോഖേബേദിന്റെ ദൗത്യം ഇനിയും അവസാനിക്കുന്നില്ല. സ്വന്തം കുഞ്ഞിന് മുലയൂട്ടി രാജ ഖജനാവിൽ നിന്ന് ശമ്പളം കൈപ്പറ്റിയവളാണവൾ. ഒരു മിസ്രയീമ്യ ചുറ്റുപാടിൽ വളർന്നിട്ടും സത്യ ദൈവത്തെ തിരിച്ചറിയുവാനും യിസ്രായേൽ മക്കളുടെ വിമോചനത്തിനുവേണ്ടി പോരാടുവാനും മോശെയെ പ്രാപ്തനാക്കിയത് അവന്റെ അമ്മയായ യോഖേബേദിന്റെ ധീരോദാത്തമായ ഇടപെടലുകളാണ് എന്ന് ചിന്തിക്കാം.

തങ്ങളുടെ കുഞ്ഞുങ്ങളെ പഥ്യോപദേശത്തിൽ വളർത്തുകയും ആത്മീക ആഹാരം നൽകി പോഷിപ്പിക്കുകയും ചെയ്യുന്ന അമ്മമാർക്ക് രാജാധിരാജാവിന്റെ സ്വർഗ്ഗീയ ഖജനാവിൽ നിന്ന് പ്രതിഫലം ലഭിക്കുന്ന ഒരു ദിവസമുണ്ട്. കുഞ്ഞുങ്ങൾക്ക് വേണ്ടിയുള്ള മാതാക്കളുടെ പ്രയത്നം ഒരിക്കലും വ്യർത്ഥമാവല്ല അത് മാനിക്കപ്പെടുക തന്നെ ചെയ്യും.!

## » 19 ഭയപ്പെടരുത്... തുടർച്ച

ക്കു കാണിച്ചുതരാം. കൊന്നിട്ടു നരകത്തിൽ തള്ളിക്കളവാൻ അധികാരമുള്ളവനെ ഭയപ്പെടുവിൻ: അതേ, അവനെ ഭയപ്പെടുവിൻ എന്നു ഞാൻ നിങ്ങളോടു പറയുന്നു" (ലൂക്കോ: 12:4,5). ദേഹത്തെ കൊല്ലുവാൻ മാത്രമേ മനുഷ്യനു കഴിയുകയുള്ളൂ. അതുകൊണ്ട് ദേഹത്തെയും ദേഹിയെയും ന്യായം വിധിക്കുന്ന ദൈവത്തെയാണ് ഭയക്കേണ്ടത്. നമ്മുടെ തലയിലെ മുടിയുടെ എണ്ണം പോലും അവിടുന്ന് കൃത്യമായി അറിയുന്നു. സാത്താന്റെ പ്രവർത്തനങ്ങളെ ഭയക്കേണ്ടതില്ലെന്നും ഗുരു വ്യക്തമാക്കുന്നു.

ഗുരുമൊഴികൾ ശിരസ്സാവഹിച്ച ശിഷ്യന്മാർ, പിന്നീടൊരിക്കലും ഭയചകിതരായി പിന്നാക്കം തിരിഞ്ഞില്ല. ഗുരുവിനു വേണ്ടി അപമാനം സഹിക്കുന്നതിൽ അവർ അധികം സന്തോഷിച്ചിരുന്നു (അ. പ്ര: 5:41).

ആഗോളതലത്തിൽ ക്രൈസ്തവർക്കെതിരെയുള്ള അതിക്രമം വർദ്ധിച്ചുവരികയാണ്. ഭാരതത്തിലെ സ്ഥിതിയും വിഭിന്നമല്ല. ദൈവസഭക്ക് എല്ലാക്കാലത്തും പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ട്, അപ്പോഴെല്ലാം സഭ വളർന്നിട്ടുമുണ്ട്. പാതാളഗോപുരങ്ങൾക്കു തകർക്കുവാൻ കഴിയാത്ത വിധം ഭദ്രമാണ് സഭയുടെ നിർമ്മാണം. മരണത്തെയും പാതാളത്തെയും തോല്പിച്ച ജയാളിയായ ക്രിസ്തു നമ്മോടു കൂടെയുണ്ട്. അതുകൊണ്ട് ലോകത്തിലെ പ്രതികൂലസാഹചര്യങ്ങളെ നാം ഭയക്കേണ്ടതില്ല.

## » 21 ദൈവം വെറുക്കുന്ന... തുടർച്ച

ഇവിടെയും മനുഷ്യൻ കണക്ക് ബോധിപ്പിക്കേണ്ടവർ ആണ്. ദൈവത്തിന്റെ സന്നിധിയിൽ നിൽക്കുമ്പോൾ മനുഷ്യൻ നഷ്ടപ്പെടുത്തിയ ജീവനുകൾക്ക് കണക്ക് ദൈവസന്നിധിയിൽ ഉണ്ടാകുകയും അവരെ എന്തിന് കൊന്നു? എന്തുകൊണ്ട് അവർക്ക് ജീവിക്കുവാൻ അവസരം കൊടുത്തില്ല? എന്നതിന് ഉത്തരം പറയേണ്ടതായി വരും.

"അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടുത്തേണ്ടതാകുന്നു" (2.കൊരി:5:10).

ഗർഭച്ഛിദ്രം പാപമാണ്. ദൈവം പാപത്തെ വെറുക്കുന്നു. പാപത്തിന് ശിക്ഷാവിധിയുണ്ട്. ദൈവം സ്നേഹവാനാണ് എന്നാൽ അതേ സമയം ദഹിപ്പിക്കുന്ന അഗ്നിയാണ്. നാം പാപം ചെയ്താൽ ദൈവം തീർച്ചയായും ബാലശിക്ഷ നല്കും. ചിലപ്പോൾ അതു കഷ്ടതയായിരിക്കും, രോഗം ആയിരിക്കാം, മരണം വരെയാകാം. ഈ ലോകത്തിൽ ബാലശിക്ഷ ഉണ്ട് എന്ന് മാത്രമല്ല നിത്യതയിൽ ദൈവത്തിന്റെ സന്നിധിയിൽ നാം ചെയ്ത പ്രവൃത്തിക്കു കണക്ക് കൊടുക്കുന്ന ഒരു ദിവസമുണ്ട്. അന്ന് നമ്മുടെ പ്രതിഫലങ്ങൾ നഷ്ടപ്പെടുവാനും നാം വെറും കൈയ്യായി നിൽക്കുവാനും ഇടവരും. അതുകൊണ്ട് ദൈവത്തെ ഭയപ്പെട്ട് പാപം ചെയ്യാതെ നമുക്കു ജീവിക്കാം.

# ''പ്രാർഥനയേക്കാൾ ശക്തിയേറിയത് മറ്റൊന്നില്ല''



പ്രാർത്ഥനയേക്കാൾ ശക്തിയേറിയ മറ്റൊന്നില്ലായെന്നും ഒരു രാജ്യമെന്ന നിലയിൽ പ്രാർത്ഥനയുടെ ശക്തിയിൽ എല്ലാക്കാലവും അമേരിക്ക വിശ്വസിക്കുമെന്നും പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ദേശീയ പ്രാർത്ഥനാദിനത്തോട് അനുബന്ധിച്ച് വൈറ്റ് ഹൗസിൽ സംഘടിപ്പിച്ച അത്താഴവിരുന്നിലാണ് പ്രാർത്ഥനയുടെ ശക്തിയെപ്പറ്റി ട്രംപ് സംസാരിച്ചത്. ഇതിനു മുമ്പും പല അവസരങ്ങളിലും പ്രാർത്ഥനയുടെ പ്രാധാന്യത്തെപ്പറ്റി ട്രംപ് പറഞ്ഞിട്ടുണ്ട്.

കഴിഞ്ഞ വർഷത്തെ പ്രാർത്ഥനാദിനത്തിലും പ്രാർത്ഥനയാണ് അമേരിക്കയുടെ അടിസ്ഥാനമെന്ന് പ്രസിഡന്റ് ഓർമപ്പെടുത്തിയിരുന്നു. വൈറ്റ് ഹൗസിലെ കൂടിക്കാഴ്ചകൾ പോലും പ്രാർത്ഥനയോടുകൂടി തുടങ്ങണമെന്ന് ട്രംപ് നിർദ്ദേശം നൽകിയതായി വന്ന വാർത്ത വലിയ ചർച്ചയായിരിന്നു.

അമേരിക്കയിലെ ജനങ്ങൾ എല്ലാ വർഷവും മെയ് മാസത്തിലെ ആദ്യ വ്യാഴാഴ്ച ദേശീയ പ്രാർത്ഥനാദിനമായി ആചരിക്കുന്നു. പ്രാർത്ഥനയുടെ പ്രാധാന്യം മനസ്സിലാക്കാനാണ് ഈ ദിവസം പ്രാർത്ഥനാദിനമായി സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്.

രാജസ്ഥാനിൽ ഹാത്തോജിൽ പ്രവർത്തിക്കുന്ന സഹോ: സുവി. ജോസ് മാത്യുവിന്റെ ഭാര്യ സൂസന് വേണ്ടി പ്രാർത്ഥനയും സഹകരണവും അത്യാവശ്യമായിരിക്കുന്നു.

കിഡ്നി സംബന്ധമായ അസുഖങ്ങൾ ഉണ്ടായിരുന്ന സഹോദരിക്ക് അസ്വസ്ഥതകൾ വർദ്ധിച്ചതിനെ തുടർന്ന് ഏപ്രിൽ 7-നു ആശുപത്രിയിൽ പ്രവേശിപ്പിക്കുകയാണുണ്ടായത്. തുടർന്ന് നടത്തിയ ടെസ്റ്റുകൾക്ക് ശേഷമാണു സഹോദരിക്ക് Takayasu's Arteritis ആണെന്ന് സ്ഥിരീകരിച്ചത്. ഈ രോഗാവസ്ഥയ്ക്ക് നിലവിൽ ചികിത്സകൾ ഇല്ല. ഈ അവസ്ഥമൂലം ഉണ്ടാകാവുന്ന അനുബന്ധ പ്രശ്നങ്ങൾക്ക് മുൻകരുതലുകളും വിഷമതകൾക്ക് പ്രതിവിധികൾ തേടുകയും മാത്രമേ സാധിക്കൂ.

ഇപ്പോൾ കോട്ടയം മെഡിക്കൽ കോളേജിൽ (Female medicine ward no: 3, bed no: 21) ചികി Õ യിൽ ഉള്ള സഹോദരിക്ക് ഡയാലിസിസ് തുടരുന്നു ക്ഷീണിതയായ സഹോദരിക്കുവേണ്ടിയും കുടുംബാംഗങ്ങൾക്കു വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുക.



ക്രിസ്തീയ സോദരി

Youth Special

# Our Plans Are Not His

Hanna Shibu Jose

We are very good in making plans in all things in our life. But have you ever thought, are our plans pleasing God?

Our Plans and God's plans are entirely different and perfect. We make plans for our own satisfaction but God does for our spiritual enrichment. If our plans don't go well, we blame God but the truth is that He is the one who makes the good plans works for us. We will never get our plans done if God finds that is not right for us and He may give, if you forcefully ask Him but the reality is that it won't last long for good.

**The LORD of hosts has sworn: "As I have planned, so shall it be, and as I have purposed, so shall it stand". Isaiah: 14:24.** What He has planned will happen in our life. Any efforts we put in to make better plans are all vain, but if the plans are for our spiritual well-being then it works. God has already planned better future ahead for us, worrying over our future is not necessary. We are His chosen ones; we deserve a lot better than we plan and wish for.

Do you know when woman gets worried a lot? It is when she starts thinking about her wedding. We are a very big day dreamers and planners; we dream to find Mr. Perfect, a plan for a luxurious wedding, searching a qualified partner, looking forward for a wealthy life. Is these are what God expects in us? We sometimes forget to pray for our future better half. We should never expect qualifications that are tethered to the worldly flesh and we should be the wise woman who builds the house with happiness. **"The wise woman builds her house, but with her own hands the foolish one tears her down". Proverbs: 14:1.**

There is other kind of woman who worries on these things when she thinks of her wedding: **'Oh! I have dark skin, I don't have a good physique, I am not perfect, my health is a big problem and because of this my wedding is getting delayed'.** Listen, God has created human in His own

image (Genesis: 1:27, 28). He created everything and finds it good and so as we are and also He blessed us (V.28). He created us and if we are complaining about our own image/ look, then it is like we are criticizing Him and making fun of His creation. So Stop worrying and start praying, God can do impossible things in our life. **"Now to him who is able to do immeasurably more than all we ask or imagine, according to his power that is at work within us". Ephesians: 3:20.**

All we have to do is to wait. **"The LORD is good unto them that wait for him, to the soul that seeketh him". Lamentations 3:25.** If God has destined our wedding to be in the age of 27 then it will neither happens in 26 or 28, it will happen only in 27 (inspired from a sermon delivered by a servant of God). God will work things in our life in His perfect time. He will bring the right partner to us not matter what.

If God is taking time to answer for your prayer, then He is working hard to make our lives better and good spiritually. So let us wait without worrying and get pray-fully and preparedly ready for the right person who is destined for us by God.




## കോച്ചിങ്ങ്








» 02 **ചാമുർച്ചി...**
തുടർച്ച

മായ ചാമുർച്ചിയിൽ തേയിലത്തോട്ട ങ്ങളിൽ കെമിക്കൽ മരുന്നുകൾ തളിക്കുന്നില്ല. ഒരുകാലത്ത് പ്രസിദ്ധ മായിരുന്ന ഇരുപതിലധികം തേയില എസ്റ്റേറ്റുകൾ അങ്ങനെ ലാഭകരമല്ലാ തെയായി. അന്നത്തെ ക്ലിനിക്കുക ളുടെ കെട്ടിടങ്ങൾ ഇന്ന് ഇടി ഞ്ഞുകിടക്കുകയാണ്.

ചാമുർച്ചിയിലെ തേയിലത്തോട്ട ങ്ങളിൽ ജോലി ചെയ്താണ് അവിടെ യുള്ള ഭൂരിഭാഗം ആളുകളും ഉപ ജീവനം നടത്തിയിരുന്നത്. എന്നാൽ തേയില ഫാക്ടറികൾ പൂട്ടിയതോടെ അവിടെയുണ്ടായിരുന്ന പുരുഷന്മാർ ജോലി തേടി അന്യസംസ്ഥാനങ്ങളി ലേക്കു പോയി. ആശുപത്രികളുടെ പ്രവർത്തനവും നിലച്ചിരുന്നു. അ തുനിമിത്തം സ്ത്രീകളും കുട്ടികളും മാത്രമായ ചാമുർച്ചി, ധാർമ്മികമായി അധഃപതനത്തിലേക്കു നിപതിച്ചി രുന്നു. ഈ സമൂഹത്തിന് അത്യാവശ്യം വേണ്ടത് ആരോഗ്യ മേഖലയിലെ ബോധവത്കരണവും സഹായങ്ങളുമാണ് എന്ന തിരിച്ചറി വോടെ പ്രവർത്തിക്കുന്ന ചില സു ഹൃത്തുക്കളുടെ സഹായത്തോടെ യാണ് ചില മെഡിക്കൽ ക്യാമ്പു കൾക്കായി ഞങ്ങൾ അവിടേക്ക് യാത്ര തിരിച്ചത്.

എന്നോടൊപ്പം എന്റെ മമ്മിയും കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നും രണ്ടു ഡോക്ടേഴ്സ്, രണ്ടു സുവിശേഷകന്മാർ, രണ്ടു ഡെന്റി സ്റ്റ്, മൂന്ന് നേഴ്സുമാർ, എന്നിവർ ചേർന്ന് പതിനാലു പേരടങ്ങുന്ന സം ഘമാണ് ഈ യാത്രയിലുണ്ടായിരു ന്നത്. ഞങ്ങൾ താമസിച്ചിരന്ന ഭൂട്ടാൻ ഗേറ്റിൽ നിന്നും ചാമുർച്ചിയിലെ ത്താൻ 150 കിലോമീറ്ററുകൾ യാത്രചെയ്യണam bncp ¶ ു.

ആശുപത്രികൾ, ഹെൽത്ത് സെ ന്റർ, പഴയ തേയില എസ്റ്റേറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് ഏഴു സ്ഥല ങ്ങളിലായാണ് ഞങ്ങളുടെ ക്യാമ്പു കൾ ക്രമീകരിച്ചത്. ഞങ്ങളുടെ മെ ഡിക്കൽ ക്യാമ്പിലൂടെ അ വിടെയുണ്ടായിരുന്ന സ് ത്രീകൾക്കും കുട്ടികൾ ക്കും വൈദ്യസഹായം





നല്കുവാനും വ്യക്തിപരമായി ഉണ്ടാകേണ്ട ശുചിത്വം, ധാർമ്മികത എന്നിവയെക്കുറിച്ച് പറഞ്ഞുകൊടുക്കുവാനും സാധിച്ചു. മാത്രമല്ല നമ്മുടെയൊക്കെ ജീവിതം അർത്ഥപൂർണ്ണമാണെന്നും മരണത്തിനപ്പുറമൊരു ജീവിതം ഉണ്ടെന്നും അതു കർത്താവായ യേശുക്രിസ്തുവിലൂടെ മാത്രമേ കരഗതമാക്കുവാൻ സാധിക്കു എന്നും ഞങ്ങൾ അവരോടു പറഞ്ഞു.

ചാമുർച്ചിയിലെ സുവിശേഷകൻ സന്തോഷ് ജുപാക്കയെ സന്ദർശിക്കാനും ഞങ്ങൾ മറന്നില്ല. അദ്ദേഹമായിരുന്നു ചാമുർച്ചിയിൽ ആദ്യമെത്തിയ മിഷനറി. മഹാരാഷ്ട്രയിലെ സിനോഞ്ചയാണു അദ്ദേഹത്തിന്റെ സ്വദേശം. സ്വന്തദേശം വിട്ട് സുവിശേഷത്തിനു വേണ്ടി ഭാര്യ സിലീഷയുമായി 2005- ലാണ് അദ്ദേഹം ചാമുർച്ചിയിലെത്തിയത്. സെവ്‌ലിൻ, സാൽവിൻ എന്നിങ്ങനെ രണ്ടു ആൺമക്കളാണ് അവർക്കുള്ളത്. കുടുംബമായി അവർ സുവിശേഷപ്രവർത്തനങ്ങൾ ചെയ്യുന്നതോടൊപ്പം സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരും അനാഥരുമായ പതിനഞ്ച് കുഞ്ഞുങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്നു. കുഞ്ഞുങ്ങളുടെ ശാരീരികവും മാനസികവുമായ ആവശ്യങ്ങൾ മാത്രമല്ല അവർക്കു വിദ്യാഭ്യാസം കൊടുക്കുവാനും ഈ സുവിശേഷകുടുംബത്തിനു കഴിയുന്നുണ്ട്. ഇത് വളരെ ശ്രമകരമായ ഒരു ജോലിയാണ്. ഇവരുടെ പ്രവൃത്തനഫലമായി ഏഴു പേർ ദൈവവേലയ്ക്കായി സമർപ്പിതരായി മുന്നോട്ടു വന്നിട്ടുണ്ട്. സുവിശേഷകൻ സന്തോഷ് അവർക്കു പിതൃതുല്യനാണ്.

പ്രിയ ദൈവദാസന്മാരുടെ പ്രവൃത്തനഫലമായി രക്ഷാനിർണ്ണയം പ്രാപിച്ചു മുന്നോട്ടു വന്ന ചില സഹോദരങ്ങളുടെ വീടുകളും ഞങ്ങൾ സന്ദർശിക്കുകയുണ്ടായി. അതിൽ പലരും ക്രിസ്തുവിശ്വാസം സ്വീകരിച്ച



തു നിമിത്തം വീടും വീട്ടുകാരും ന ഷ്ടമായവരാണ്. ടിൻഷീറ്റും കാർ ബോർഡുകളും ചേർത്തുണ്ടാക്കിയ വീടുകളാണ് അവർക്കുണ്ടായിരു ന്നത്. ആധുനിക രീതിയിലുള്ള ജീ വിതസാഹചര്യങ്ങളോ വിദ്യാഭ്യാ സമോ മെച്ചപ്പട്ട വീടുകളോ വസ്ത്രമോ എന്തിനേറെ ശൗചാലയ സൗകര്യങ്ങൾ പോലും അവർക്കു ണ്ടായിരുന്നില്ല. എന്നിട്ടും അവർ വലിയ സന്തോഷമുള്ളവരായി കാ ണപ്പെട്ടു. ക്രിസ്തുവിലുള്ള തങ്ങ ളുടെ സന്തോഷം അവരുടെ സാ ക്ഷ്യവാചകങ്ങളായി പുറത്തേക്കൊ ഴുകിയത് ശ്രോതാക്കളായ ഞങ്ങൾ ക്ക് അത് ഹൃദയഭേദകവും പ്രചോദ നവുമായിരുന്നു. ഒന്നുമില്ലായ്മ യിലും അവർ ക്രിസ്തുവിൽ സ ന്തോഷിക്കുന്നു. അവരെ സഹായി ക്കുവാൻ ആരും ഇല്ല, അവർ എല്ലാ വരാലും ഉപേക്ഷിക്കപ്പെട്ടവരാണ്, വ ളരെയധികം പ്രയാസങ്ങളിലൂടെയാ ണ് അവർ ജീവിക്കുന്നത്. ഗ്രാമങ്ങൾ തമ്മിൽ വളരെ ദൂരം ഉണ്ട്. വാഹന സൗകര്യം കുറവായതുകൊണ്ട് ഞായറാഴ്ചകളിൽ ആരാധന നട ത്തുവാൻ സുവിശേഷകന്മാർ എല്ലാ സ്ഥലങ്ങളിലും ചെന്നെത്തുവാൻ ബുദ്ധിമുട്ട് അ നുഭവിക്കു ന്നുണ്ട്. ഭൂ ട്ടാൻ സ്വദേശികൾ ഉൾപ്പെടെ ചാമുർ ച്ചിയിൽ പ്രവർത്തിക്കുന്ന 10 സുവി ശേഷകന്മാരിൽ മലയാളികൾ ഇല്ല.

യാത്രയിലായിരിക്കുമ്പോഴെല്ലാം എന്റെ ഹൃദയത്തിൽ വലിയ ആശങ്ക കളുണ്ടായിരുന്നു. ഡന്റിസ്റ്റ് പഠനം കഴിഞ്ഞ എനിക്കു ചാമുർച്ചിയിൽ ചെന്നിട്ട് എന്തെല്ലാം ചെയ്യുവാൻ ക ഴിയും, എന്തൊക്കെയായിരിക്കും അ വിടെ അഭിമുഖികരിക്കേണ്ടിവരിക, എന്തു സന്ദേശമാണ് എനിക്കു അ വർക്കു കൊടുക്കുവാൻ കഴിയുക എന്നെല്ലാം ഞാൻ ചിന്തിച്ചുകൊണ്ടേ യിരുന്നു. എത്രത്തോളം ചാമുർച്ചി യുമായി പൊരുത്തപ്പെടാൻ കഴിയു മെന്നു ഞാൻ സന്ദേഹിച്ചിരുന്നു. എ ന്നാൽ എന്റെ ചിന്താഗതികളിൽ നിന്നും വ്യത്യസ്തമായി ഉള്ളു പിട യുന്ന ചില വസ്തുതകളാണ് എനി ക്കവിടെ നിന്നും മനസ്സിലാക്കുവാൻ സാധിച്ചത്. ഇവരുടെ ജീവിതരീതി കൾ കണ്ടപ്പോൾ എന്റെ ചിന്തകളൊ ക്കെയും അസ്ഥാനത്തായി. അവരി ലൂടെ യാത്ര ചെയ്യുമ്പോൾ നാം എ ത്ര നന്മ അനുഭവിക്കുന്നു എന്നു ഓർത്തുപോയി. ലഭിക്കുന്ന നന്മകൾ പങ്കുവെയ്ക്കുവാനാവുന്നില്ലല്ലോ എ ന്ന കുറ്റബോധം എന്നെ അലട്ടുവാൻ തുടങ്ങി. അടിസ്ഥാനസൗകര്യങ്ങൾ പോലുമില്ലാത്ത ഇവരുടെ ജീവിതം എന്നെ ഏറെ അമ്പരപ്പിക്കുകയാണു ണ്ടായത്.



നാം എത്ര സന്തോഷമു ള്ളവരായിട്ടാണ് കേരള ത്തിൽ ജീവിക്കുന്നത്, എന്തെല്ലാം സുഖ സൗകര്യങ്ങളാണ് നമുക്കിവിടെ ല ഭ്യമായിട്ടുള്ളത്, ദൈവം എന്തു മാത്രം നമ്മെ അ









നുഗ്രഹിച്ചിരിക്കുന്നു, എന്നിട്ടും നാം ഒന്നിലും തൃപ്തിയില്ലാത്തവരായി എന്തിനൊക്കെയോ വേണ്ടി നെട്ടോടമോടുകയാണ്. നമുക്കു ലഭിക്കുന്ന സുഖകരമായ ജീവിതത്തിൽ നാം ഒട്ടും സംതൃപ്തരല്ല.

ചാമുർച്ചിയിലുള്ള സഹോദരങ്ങൾക്കു നാം സഹായം ചെയ്യേണം. പരിമിതമായ ജീവിതസാഹചര്യങ്ങൾക്കുള്ളിൽ അശ്രാന്തപരിശ്രമത്തിലൂടെ അവർ കർത്താവിനെ സേവിക്കുകയാണ്. അവർ ആരിൽ നിന്നും ഒന്നും പ്രതീക്ഷിക്കാതെ കർത്താവിനു വേണ്ടി പ്രയോജനപ്പെടുന്നു.

എന്റെ മനോഭാവത്തിനു മാറ്റം വരുത്തിയ ഒരു മിഷൻ ട്രിപ്പായിരുന്നു ഇത്. എല്ലാ സഹോദരിമാർക്കും ഇത്തരത്തിലൊരു മാറ്റം സംഭവിക്കണമെന്നു ഞാനാഗ്രഹിക്കുന്നു. ഇത്തരം ചില മേഖലകളിൽ ക്രിസ്തുവിന്റെ സാക്ഷികളാകുവാൻ നമുക്ക് ഒരുങ്ങാം. ചാമുർച്ചിയെ നമുക്കു മറക്കാതിരിക്കാം.



# KRISTHEEYA SODARI

**CHRISTIAN BI-MONTHLY**
May - June 2019

ഒറ്റ പ്രതി: 25/- രൂപ. വാർഷിക വരിസംഖ്യ: 150/- രൂപ.


## ഗുരുഭാഷ്യം

"ഞാനോ നിങ്ങളോടു പറയുന്നതു: ദുഷ്ടനോടു എതിർക്കരുതു; നിന്നെ വലത്തെ ചെകിട്ടത്തു അടിക്കുന്നവന്നു മറ്റേതും തിരിച്ചുകാണിക്ക"
(മത്തായി:5:39).

"But I tell you not to resist an evildoer. On the contrary, whoever slaps you on the right cheek, turn the other to him as well"
(Mathew:5:39)





Read, Share & Download » www.**sodari.in**

ക്രിസ്തീയ സോദരിയുടെ പ്രിന്റ് കോപ്പികൾക്കും നിങ്ങളുടെ രചനകളും പ്രാർത്ഥനാ വിഷയങ്ങളും പങ്കുവെക്കുവാനും സഹോദരിമാർക്കുവേണ്ടി ഉള്ള വാട്ട്സ്ആപ് ഗ്രൂപ്പിൽ അംഗമാകുവാനും ബന്ധപ്പെടുക, ഫോൺ: +91 94469 63386



Date of Publication: 01-06-2019. Printed at: Ebenezer Printpack, Thrissur. Edited, printed and published by: Lovely Goerge, Pallickal House, Kariamplavu P.O, Kottanadu, Pathanamtitta - 689615. For private circulation only.